**കാറ്റഗറി നമ്പർ : 584/2023**

താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **കേരള പോലീസ്** |
| 2. | **ഉദ്യോഗപ്പേര്** | : | **വനിതാ പോലീസ് കോൺസ്റ്റബിൾ(ട്രെയിനി)(വനിതാ പോലീസ് ബറ്റാലിയൻ)**<br>കുറിപ്പ്: ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും പുരുഷ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. |
| 3. | **ശമ്പളം** | : | **₹ 31,100-66,800/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **പ്രതീക്ഷിത ഒഴിവുകൾ** |

വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് വനിതാ പോലീസ് ബറ്റാലിയൻ വഴി മാത്രം നടത്തുന്നതും ജില്ലകളിലുണ്ടാകുന്ന പ്രസ്തുത തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് ഈ ബറ്റാലിയനിൽ നിന്നും അഡ്വൈസ്/റാങ്ക് സീനിയോറിറ്റി ക്രമത്തിൽ വനിതാ സേനാംഗങ്ങളെ ട്രാൻസ്ഫർ ചെയ്യുന്നതുമാണ്. (സ.ഉ(സാധാ) നമ്പർ. 1484/2017/ആഭ്യന്തരം തീയതി 05.06.2017).

**കുറിപ്പ്:** ഈ തസ്തികയ്ക്കായി നിലവിൽ വരുന്ന റാങ്ക് പട്ടികയ്ക്ക് അത് നിലവിൽ വരുന്ന തീയതി മുതൽ ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. ഉദ്യോഗാർത്ഥികളെ ടി തസ്തികയുടെ മുൻ റാങ്ക് പട്ടികയുടെ കാലാവധിക്കുശേഷം അറിയിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ഈ കാറ്റഗറി നമ്പർ പ്രകാരമുള്ള റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ അറിയിക്കുന്ന ഒഴിവുകളിലേയ്ക്കും ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനശിപാർശ നടത്തുന്നതായിരിക്കും.

| | | | |
|---|---|---|---|
| 5. | നിയമന രീതി: | : | നേരിട്ടുള്ള നിയമനം (സംസ്ഥാനതലം) |
| 6. | പ്രായപരിധി | : | **18-26;** ഉദ്യോഗാർത്ഥികൾ 02.01.1997 നും 01.01.2005 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) |
| | കുറിപ്പ് : | | ഉയർന്ന പ്രായപരിധി മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ പ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 29 വയസ്സായും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 31 വയസ്സായും നിജപ്പെടുത്തി യിരിക്കുന്നു. (വയസ്സിളവ് സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ |

ഖണ്ഡിക 2(i) നോക്കുക) പ്രായപരിധിയിലെ ഇളവുകൾ സംബന്ധിച്ച പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 പ്രകാരമുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

7. **യോഗ്യതകൾ:**

(എ) വിദ്യാഭ്യാസ യോഗ്യത **:** ഹയർസെക്കൻഡറി (പ്ലസ് ടു) പരീക്ഷ പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യം

കുറിപ്പ്: (I) നിശ്ചിത യോഗ്യതയുള്ള മതിയായ എണ്ണം എസ്.സി/എസ്.ടി വിഭാഗം ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മാത്രം അവർക്കായി സംവരണം ചെയ്തിരിക്കുന്ന ക്വാട്ട നികത്തുന്നതിനായി ഹയർ സെക്കന്ററി / പ്ലസ് ടു പരീക്ഷയിൽ പരാജയപ്പെട്ട ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്.

(ii) KS & SSR Part II Rule 10(a)(ii) ബാധകമാണ്.

(iii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതകൾക്കുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(ബി) <u>ശാരീരിക യോഗ്യതകൾ</u>

(i) ഉയരം: കുറഞ്ഞത് 157 സെന്റി മീറ്റർ

കുറിപ്പ് **:** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെ.മീ ഉയരം മതിയാകും.

(ii) കാഴ്ചശക്തി: കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തി താഴെപ്പറയുന്ന തരത്തിലുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ്

*i)*ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

*ii)*വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ ഏതെങ്കിലും കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

*iii)*മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് *(മുൻ പല്ല്),* ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതായിരിക്കും.

(സി) നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈ ജംപ് | 1.06 മീ. |
| 3 | ലോംഗ് ജംപ് | 3.05 മീ. |
| 4 | പുട്ടിംഗ് ദ ഷോട്ട് (4 കിലോഗ്രാം) | 4.88 മീ. |
| 5 | 200 മീ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദ ത്രോബാൾ | 14 മീറ്റർ |
| 7 | ഷട്ടിൽ റേസ് (4 X 25 മീ) | 26 സെക്കന്റ് |
| 8 | സ്കിപ്പിങ്ങ് (ഒരു മിനിട്ട്) | 80 തവണ |

കുറിപ്പ്: കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ പരിശോധിക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്ന വേളയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് വീണ്ടും അവസരം നൽകുന്നതല്ല.

ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുമ്പോൾ ശാരീരികക്ഷമതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് താഴെ ചേർത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരികക്ഷമതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിനായുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE

(To be obtained from Medical Officer not below the rank of an Assistant Surgeon/Junior Consultant)

I have this day medically examined Smt/Kumari....................................................... (Name & address) and found that she has no disease or infirmity, which would render her unsuitable for Government Service. She is free from physical defects like knock-knee, flat foot, Varicose vein, bow legs, deformed hands limbs, irregular and protruding tooth and defective speech and hearing. Her age according to her own statement is .................................. and by appearance is …......................... and her standards of vision is as follows.

### Standards of Vision

(without glasses)

| | Right Eye | Left Eye |
|---|---|---|
| i) Distant Vision | …..........Snellen | …......... Snellen |
| ii) Near Vision | …..........Snellen | …......... Snellen |

iii) Field of Vision .....................

(Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)

iv) Colour Blindness ................................

v) Squint ................................

vi) Any morbid condition of the eyes or lids of either eye …………………………

vii) Marks of Identification

1)……………………………………………

2)……………………………………………

She is physically fit for the post Woman Police Constable(Trainee) (Woman Police Battalion) in the Police Department.

I certify to the best of my knowledge and belief that the applicant Smt/Kumari ……………… …………………(Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: Signature

Date : Name and Designation of the Medical Officer

*(Office Seal)*

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. *Vision - Normal/Average/Good* മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. <u>അപേക്ഷ സമർപ്പിക്കേണ്ട രീതി:</u>**

(a)ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2013-ന് ശേഷം എടുത്തതായിരിക്കണം.എന്നാൽ 01.01.2023 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന

വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം,ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(b) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

(c) പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്.

(d) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **.31.01.2024** ബുധനാഴ്ച അർദ്ധരാത്രി **12** മണി വരെ

**10.** അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് വിലാസം : .www.keralapsc.gov.in

**11.** **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:**

a) ഉദ്യോഗാർത്ഥി എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ജാതി / സമുദായം അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം റവന്യൂ അധികാരി നൽകുന്ന നോൺക്രീമിലെയർ / ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

b) ഉദ്യോഗാർത്ഥി ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുളള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിയ്ക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

C) "വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന്

അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയ്യോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ / നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്".

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കേണ്ട പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ